## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1048 11/7/2011-ൽ മറുപടിക്ക്

### കൊണ്ടോട്ടി ഇ.എസ്.ഐ. ഡിസ്പെൻസറി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി: | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുവാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) പുതിയ ഇ.എസ്.ഐ. ആശുപത്രികൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഒരു സ്ഥലത്ത് ഇ.എസ്.ഐ. ആശുപത്രി തുടങ്ങണമെങ്കിൽ അവിടെ 25,000-നു മുകളിൽ ഇൻഷ്വർ ചെയ്ത വ്യക്തികൾ ഉണ്ടായിരിക്കണം. ആ സ്ഥലത്തു നിന്ന് 25 കിലോമീറ്ററിനുള്ളിൽ മറ്റൊരു ഇ.എസ്.ഐ. ഡിസ്പെൻസറി ഉണ്ടാവാൻ പാടില്ല. കുന്നിൻ പ്രദേശമാണെങ്കിൽ ദൂരപരിധി 15 കിലോ മീറ്ററും ഇൻഷ്വർ ചെയ്ത വ്യക്തികളുടെ എണ്ണം 15,000 വും ആയിരിക്കണം. |

— - —

(സി) കൊണ്ടോട്ടി ആസ്ഥാനമായി ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) രണ്ട് ഡോക്ടർമാരുള്ള ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി കൊണ്ടോട്ടിയിൽ തുടങ്ങുന്നതിന് കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സെക്ഷൻ ഓഫീസർ

---